ഒരു വർഷത്തെ കുടിവെള്ള ചാർജ്ജ് മുൻകൂറായി അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇ.സി.എസ്. (ഇലക്ട്രോണിക് ക്ലിയറിംഗ് സർവ്വീസസ്) പദ്ധതിപ്രകാരം ഉപഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽനിന്നും നേരിട്ട് പണം കേരള വാട്ടർ അതോറിറ്റി അക്കൗണ്ടിലേയ്ക്ക് മാറ്റാവുന്നതാണ്.

(ബി) അതാത് മാസത്തെ ഉപഭോഗമനുസരിച്ചാണ് കുടിവെള്ള ചാർജ്ജ് കണക്കാക്കുന്നത്. മുൻകൂറായി ഒരുമിച്ച് അടച്ച തുകയിൽനിന്നും പ്രസ്തുത ചാർജ്ജ് മാത്രമേ ഈടാക്കാറുള്ളൂ.

അട്ടപ്പാടി മേഖലയിലെ കുടിവെള്ള വിതരണത്തിലെ അപാകതകൾ

230 (895) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര പൊതു ടാപ്പുകൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട് ;

(സി) ഇവിടെ വിതരണം ചെയ്യപ്പെടുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അട്ടപ്പാടിയിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ പരിശുദ്ധി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) അട്ടപ്പാടി മേഖലയിൽ പുതൂർ, ഷോളയൂർ, അഗളി ഗ്രാമപഞ്ചായത്തുകളിൽ ജലനിധി നടപ്പിലാക്കിയിരുന്നതും പ്രവർത്തനരഹിതവുമായിരുന്ന 33 ചെറുകിട പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികളും ഐ.ടി.ഡി.പി. ഡെപ്പോസിറ്റ് ഉപയോഗിച്ച് 5 പ്രവൃത്തികളും പൂർത്തീകരിച്ചു. കൂടാതെ അഗളി, പുതൂർ ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി ആസൂത്രണം ചെയ്തിട്ടുള്ള വൻകിട ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് സി.പി.ഡബ്ല്യു.ഡി. നിരക്കിൽ പുതുക്കിവരുന്നു. പദ്ധതിയുടെ ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അട്ടപ്പാടി മേഖലയിൽ കഴിഞ്ഞ ഒരു വർഷം 472 പൊളളാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ഷോളയൂർ ഗ്രാമപഞ്ചായത്തിലെ സാമ്പർക്കോട്, താഴെ സാമ്പർക്കോട് എന്നീ ഊരുകളിലും പുളൂർ ഗ്രാമപഞ്ചായത്തിലെ വിട്ടിയൂർ, ചാളയൂർ ഊരുകളിലും ഇരുമ്പിന്റെ അംശം അളവിൽ കൂടുതൽ ഉളളതിനാൽ അയേൺ റിമൂവർ ഫിൽട്ടർ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ ഒന്നുംതന്നെ അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്നില്ല. ആയതിനാൽ അത്തരത്തിലുളള ഗുണനിലവാര പരിശോധന നടക്കുന്നില്ല.

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

231 (896) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 4 വർഷം കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ തെന്ന് വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികളുടെ പേര്, തുക, ആരംഭിക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ്

കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാല് വർഷത്തിൽ (2011-12 to 2014-15) 18 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 15 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 3 പ്രവൃത്തികൾ നടന്നുവരുന്നു. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി

കോഴീക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാല് വർഷത്തിൽ കേരള ജല അതോറിറ്റി. ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതി കളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly